പൊൻമുടി, കുടയത്തൂർ എന്നീ ഉയർന്ന കുന്നിൻപുറങ്ങളിൽ റിപ്പീറ്റർ സ്റ്റേഷനുകളും വികാസ് ഭവൻ, വിഴിഞ്ഞം, നീണ്ടകര, ആലപ്പുഴ, വൈപ്പിൻ എന്നിവിടങ്ങളിൽ കോസ്റ്റൽ റിപ്പീറ്റർ സ്റ്റേഷനുകളും സ്ഥാപിച്ചുകഴിഞ്ഞു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഫിഷറീസ് വകുപ്പിന്റെ വിവിധ ഓഫീസുകളിലും മത്സ്യഭവനുകളിലും വയർലെസ് സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായി തൃശൂർ മുതൽ കാസർഗോഡുവരെ വയർലെസ് ശൃംഖല വ്യാപിപ്പിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നാടൻ കലാ അക്കാഡമിയുടെ പ്രവർത്തനങ്ങൾ

17 (*138) ശ്രീമതി കെ. കെ. ശൈലജടീച്ചർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാടൻ കലാ അക്കാഡമിയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അക്കാഡമിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം ആവശ്യമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ;

(ബി) എന്തൊക്കെ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) നാടൻ കലാ അക്കാഡമിയിൽ നാടൻ കലാപരിശീലനത്തിന് സ്ഥിരം സംവിധാനം ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നാടൻകലാ അക്കാഡമി ഫെല്ലോഷിപ്പുകൾ നൽകിത്തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ ; ഇതിനകം എത്ര ഫെല്ലോഷിപ്പുകൾ നൽകാൻ കഴിഞ്ഞു എന്നു വെളിപ്പെടുത്തുമോ ;

(ഇ) അക്കാഡമി നാടൻ കലാകാരന്മാർക്ക് ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾ വിതരണം നടത്തി കഴിഞ്ഞുവോ ;

(എഫ്) ഏതുവർഷം വരെയുള്ള അവാർഡുകളാണ് വിതരണം ചെയ്തു കഴിഞ്ഞതെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഫെല്ലോഷിപ്പുകളും അവാർഡുകളും നൽകുന്നതിന് അക്കാഡമി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ) വിലയിരുത്താറുണ്ട്. ഇപ്പോഴത്തെ പ്രവർത്തനരീതിയിൽ മാറ്റം ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാടൻകലാ പരിശീലനത്തിന് ഇപ്പോൾ അക്കാഡമിയിൽ സ്ഥിരം സംവിധാനമില്ല. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ആശാൻമാരുടെ കീഴിൽ നാടൻകലാ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന 68 കുട്ടികൾക്ക് പ്രതിമാസം 125 രൂപവീതം സ്റ്റൈപൻഡ് അക്കാഡമി 2000-2001-ൽ നൽകിയിട്ടുണ്ട്. 2001-2002 കാലയളവിൽ പ്രതിമാസം 150 രൂപാവീതം 100 കുട്ടികൾക്ക് സ്റ്റൈപന്റ് നൽകുവാൻ അക്കാഡമി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നൽകിത്തുടങ്ങിയിട്ടുണ്ട്. 1999-ൽ രണ്ട് ഫെല്ലോഷിപ്പുകൾ നൽകിയിട്ടുണ്ട്.

(ഇ&എഫ്) 1999-ലെ അവാർഡുകൾ 2000 ഒക്ടോബറിൽ വിതരണം ചെയ്തു കഴിഞ്ഞു.

(ജി) നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്നവരുടെയും നാടൻകലാ ഗവേഷകരുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് അക്കാഡമിയുടെ ജനറൽ കൗൺസിൽ ആണ് അന്തിമതീരുമാനമെടുക്കുന്നത്.

ദേശീയ പാതയിൽ വാഹനങ്ങളുടെ വേഗത നിയന്ത്രണം

18 (*139) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതയിൽ വാഹനങ്ങളുടെ അമിത വേഗത തടയാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(സി) അമിത വേഗതയിൽ വാഹനം ഓടിച്ചവർക്കെതിരെ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) ജില്ലാടിസ്ഥാനത്തിൽ അവ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) സ്വകാര്യ ബസുകളുടെ മൽസരയോട്ടം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിന് റഡാറുകൾ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു.

(സി) മോട്ടോർ വാഹനവകുപ്പ് 1489 കേസുകൾ കണ്ടുപിടിച്ച് പിഴ ഈടാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം-40, കൊല്ലം-25, കോട്ടയം-174, ആലപ്പുഴ-722, തൃശ്ശൂർ-207, കണ്ണൂർ-321 മറ്റു ജില്ലകളിൽ സ്പീഡ് റഡാറുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly